# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 5488 - 02/11/2016 - ലെ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത് മാനദണ്ഡം

**ചോദ്യം** **ഉത്തരം**

**ശ്രീ. രാജു എബ്രഹാം**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തെ ബാങ്കുകളിൽ വിദേശ ഇന്ത്യാക്കാരിൽ നിന്നുള്ളത് ഉൾപ്പെടെയുള്ള നിക്ഷേപം എത്ര കോടി രൂപയാണ്; കേരളത്തിലെ ബാങ്കുകളിൽ നിന്നും വായ്പയായി അനുവദിച്ചിട്ടുള്ളത് എത്ര രൂപയാണ്; വായ്പാനിക്ഷേപ അനുപാതം എത്ര -ശതമാനമാണ്; | ജൂൺ 2016-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ബാങ്കുകളിലെ<br>മൊത്തം നിക്ഷേപം 437946 കോടി രൂപ<br>വിദേശ നിക്ഷേപം 142669 കോടി രൂപ<br>വായ്പ 282556 കോടി രൂപ<br>വായ്പാ നിക്ഷേപ അനുപാതം 64.52% |
| (ബി) | സംസ്ഥാനത്ത് പൊതുമേഖലയിലുള്ള ബാങ്കുകൾ ഉൾപ്പെടെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിൽ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങളോ മാർഗ്ഗ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കാമോ; | വിദ്യാഭ്യാസ വായ്പ അനുവദിക്കുന്ന കാര്യത്തിൽ ബാങ്കുകൾ വിമുഖത കാണിക്കുന്നു എന്ന പ്രസ്താവന പൂർണ്ണമായും ശരിയല്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2015-16) മാത്രമായി 1532 കോടി രൂപയാണ് 47042 അക്കൗണ്ടുകളിൽ വിദ്യാഭ്യാസ വായ്പയായി നൽകിയിട്ടുള്ളത്.<br>2016 ജൂൺ മാസത്തെ കണക്കനുസരിച്ച് നിലവിലുള്ള വിദ്യാഭ്യാസ വായ്പ, 366274 അക്കൗണ്ടുകളിലായി 9816 കോടി രൂപയാണ്.<br>മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ ബാങ്കുകളും ഐ.ബി.എ.യുടെ മാർഗ്ഗ നിർദ്ദേശമാണ് പിന്തുടരുന്നത്. (പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു).<br>മാനേജ്മെന്റ് ക്വോട്ടയിലുള്ള പ്രവേശനത്തിന് അതാതു ബാങ്കുകൾക്ക് മാനദണ്ഡം നിശ്ചയിക്കുവാനുള്ള അനുമതി ഭാരതീയ റിസർവ്വ് ബാങ്ക് നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനതല ബാങ്കിംഗ് സമിതിയിൽ വിദ്യാഭ്യാസവായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പൊതു മാനദണ്ഡങ്ങൾ നിശ്ചയിക്കുകയോ തീരുമാനിക്കുകയോ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | മെരിറ്റ് അടിസ്ഥാനത്തിലുള്ള പ്രവേശനത്തിന് ഐ.ബി.എ.യുടെ മാർഗ്ഗ നിർദ്ദേശമാണ് സംസ്ഥാനത്ത് പിന്തുടരുന്നത്.<br>മാനേജ്മെന്റ് ക്വോട്ടയിലെ പ്രവേശനത്തിന് കേരളത്തിൽ എസ്.എൽ.ബി.സി. ഒരു പൊതു മാനദണ്ഡം രൂപപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു). |

| | | |
|---|---|---|
| (ഡി) | സംസ്ഥാനത്തെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിന് അകത്തും പുറത്തും വിദ്യാഭ്യാസം നേടുന്നതിനായി വായ്പ ലഭ്യമാക്കുന്നതിന് ഒരു പൊതു മാനദണ്ഡം ഉണ്ടാക്കുന്നതിനും ആവശ്യക്കാർക്ക് വായ്പ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടി കളാണ് സ്വീകരിക്കുകയെന്ന് വ്യക്ത മാക്കുമോ ? | മേൽപ്പറഞ്ഞ രണ്ടു മാർഗ്ഗനിർദ്ദേശങ്ങളും ഈ ആവശ്യങ്ങൾക്ക് ഉതകുന്ന രീതിയിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. |



*അക്കൗണ്ട്സ് ഓഫീസർ*

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്